ട്ടുള്ളതും പണിചെയ്യ പൂത്തീകരിക്കാത്തതുമായ പണികഠംക്കാണു് വക കണ്ടിട്ടുള്ളതു്. മേത്തല പഞ്ചായത്തിൽ മൈനർ ഇറിഗേഷൻ ഇനത്തിൽ പണികളൊന്നും അടിയന്തിരമായി ചെയ്യേണ്ടതായി കണ്ടില്ല.

ASSIGNMENT OF SITES—D. C. S.

560. മിസ്റ്റർ എം. ഐ. പോൾ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവർമ്മെണ്ടു് സദയം മറുപടി പറയുമോ —

(എ) അധഃകൃത വകുപ്പിൽനിന്നും കുടിപ്പാർപ്പിനായി അധഃകൃതർക്കു അനുവദിച്ചു കൊടുത്തിട്ടുള്ള സ്ഥലങ്ങൾ അധഃകൃതർക്കുതന്നെ കൊടുക്കണമെന്നു ബഹുമാനപ്പെട്ട ഗവർമ്മെണ്ടിൽനിന്നും ഉത്തരവായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആ ഉത്തരവെന്താണു് ?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ), (ബി) അധഃകൃതർ കുടിപാർക്കുന്ന പുറമ്പോക്കു സ്ഥലങ്ങൾ കഴിയുന്നതും അവർക്കുതന്നെ ലൈസൻസ്സുപ്രകാരം കൊടുക്കുന്നതിനു് ഏർപ്പാടുചെയ്തു വരുന്നുണ്ടു്.

MANAGEMENT OF COLONY SITES—TRANSFER TO THE PROTECTOR'S DEPARTMENT

561. മിസ്റ്റർ എം. ഐ. പോൾ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവർമ്മെണ്ടു് സദയം മറുപടി പറയുമോ.—

അധഃകൃത കോളനികളെ സംരക്ഷണ വകുപ്പിന്റെ അധികാരത്തിൻ കീഴിൽ വിട്ടുകൊടുത്തതായി വല്ല ഗവർമ്മെണ്ടുത്തരവും ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു് ?

മിസ്റ്റർ പറമ്പി ലോനപ്പൻ : ഉണ്ടു്. അധഃകൃത കോളനികൾ സ്ഥാപിച്ചിട്ടുള്ള ഭൂമികളുടെ മാനേജ്മെണ്ടു് അധഃകൃത സംരക്ഷണ വകുപ്പിലേക്കു മാറേണ്ടതാണെന്നു് ഉത്തരവായിട്ടുണ്ടു്.

MIDWIFERY TRAINING

562. മിസ്റ്റർ കെ. കെ. കണ്ണൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവർമ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) ഈ കൊല്ലം അധഃകൃതരിൽനിന്നു് മെഡിക്കൽ ഡിപ്പാർട്ടുമെണ്ടിലേക്കു് എത്ര പേരെ മിഡ്വൈഫറി ട്രെയിനിംഗിനു് എടുത്തിട്ടുണ്ടു്;

(ബി) മറ്റുള്ള ഓരോ സമുദായത്തിൽനിന്നും എത്ര പേരെ വീതമാണു് എടുത്തിട്ടുള്ളതു് ?

മിസ്റ്റർ സി. ജെ. മാത്യു :

(എ) മൂന്നുപേരെ.

(ബി) നായർ ൧.
ഈഴവൻ ൧.
ജാക്കോബൈറ്റ് സിറിയൻ ൧.
മുസ്ലീം ൧.
ഇൻഡിപെൻറ് സിറിയൻ ൧.

DEPRESSED CLASSES—SCHOOL REQUISITES

563. **Mr. V. R. Krishnan Ezhuthassan** *(Oorakam)*: Will Government be pleased to state.—

(*a*) latest date on which supplies of school requisites are to be made to depressed class pupils;

(*b*) the names of schools in which the above supplies were made last year after one month since reopening?

Mr. Parambi Lonappen *(Minister for Rural Development)*:

(*a*) Within a month after the reopening of schools in Edavam every year.

(*b*) The supply to all schools began to be made only one month after the date of reopening of the schools.

LIBRARY ARCHIVES Kerala Legislative Assembly